പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1195 12.07.2016-ലെ മറുപടിക്ക്

ബസ് സർവ്വീസുകൾ പുനക്രമീകരിക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ. തോമസ് ചാണ്ടി | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | തകഴി പാലം വരെ രാവിലെ 7.50ന് എത്തിച്ചേരുന്ന തിരുവല്ല ഡിപ്പായിലെ കുറ്റിപ്പുഴ സർവ്വീസും 8.30 ന് എത്തിച്ചേരുന്ന കോട്ടയം സർവ്വീസും തകഴി ക്ഷേത്രം വരെ സർവ്വീസ് നീട്ടി നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; | (എ) | ഈ സർവ്വീസുകൾ തകഴി ക്ഷേത്രം വരെ നീട്ടുന്നത് സർവ്വീസുകളുടെ നിലവിലുള്ള ടൈം ഷെഡ്യൂളിൽ സാരമായ മാറ്റം വരുത്തുകയും നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന വരുമാനത്തിൽ കുറവ് ഉണ്ടാകുകയും ചെയ്യുന്നുണ്ട്. എന്നിരുന്നാലും ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) | ഹരിപ്പാട് ഡിപ്പോയിൽ നിന്നും അമ്പലപ്പുഴ ക്ഷേത്രത്തിന്റെ കിഴക്കേനടയിൽ യാത്ര അവസാനിപ്പിച്ച് മലയാലപ്പുഴ ക്ഷേത്രത്തിലേയ്ക്ക് പോകുന്ന ബസ്സ് തകഴി ക്ഷേത്രം വരെ നീട്ടി മലയാലപ്പുഴയ്ക്ക് യാത്ര ആരംഭിക്കുംവിധം പുനക്രമീകരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | (ബി) | അമ്പലപ്പുഴ ക്ഷേത്രവും മലയാലപ്പുഴ ക്ഷേത്രവും ബന്ധിച്ചുകൊണ്ടുള്ള, ഭക്തജനങ്ങൾക്ക് സൗകര്യപ്രദമായ ഈ സർവ്വീസ് പുനഃക്രമീകരിച്ചാൽ ആയത് വരുമാനത്തെ ബാധിക്കുകയും സ്ഥിരം യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുകയും ചെയ്യും. കൂടാതെ ഹരിപ്പാട് - മലയാലപ്പുഴ റൂട്ടിൽ ഹരിപ്പാട് നിന്നും പത്തനംതിട്ടയ്ക്ക് അര മണിക്കൂർ ഇടവിട്ട് ചെയിൻ സർവ്വീസ് ഉള്ളതിനാൽ സമയമാറ്റം ടി ചെയിൻ സർവ്വീസിനെ സാരമായി ബാധിക്കും. ആയതിനാൽ ബസുകൾ ലഭിക്കുന്ന മുറയ്ക്ക് ടി റൂട്ടിൽ പുതിയ സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ